➯ *എന്നാൽ ഇതല്ല കിഴക്കമ്പലത്തു നടക്കുന്നത് എന്നതാണ് സത്യം* ➯

**ട്വന്റി** - ട്വന്റി എന്നു കേട്ടാൽ നമ്മൾ ഓർമ്മിക്കുക അതിവേഗ ക്രിക്കറ്റും ഐ.പി.എല്ലുമൊക്കെയാണ്. എന്നാൽ എറണാകുളം ജില്ലയിലെ കിഴക്കമ്പലം ഗ്രാമപഞ്ചായത്തുകൾക്ക് കഴിഞ്ഞ രണ്ടുമൂന്നു വർഷക്കാലമായി അതൊരു സംഘടനയാണ്, ഒരു പ്രസ്ഥാനമാണ്. കക്ഷിരാഷ്ട്രീയത്തിനതീതമായി ഗ്രാമപഞ്ചായത്തിന്റെ ഭരണംപിടിച്ചെടുക്കാൻ ശക്തമായി പോരാടുന്നൊരു പ്രസ്ഥാനം. ഇതിന് മറ്റൊരു തദ്ദേശഭരണ സ്ഥാപനത്തിലും സ്ഥാനാർത്ഥികളില്ല. കിഴക്കമ്പലത്തെ ഒരു പ്രാദേശിക പ്രതിഭാസമാണിതെന്നു പറയാം. കക്ഷിഭേദമന്യേ എല്ലാ രാഷ്ട്രീയക്കാർക്കും ഇവരെ ഭയമാണ്. പഞ്ചായത്തിന്റെ ഭരണം ഇവർ പിടിച്ചടക്കുമെന്നാണ് അവകാശവാദം. കേരളത്തിൽ ജനകീയ പോരാട്ടങ്ങൾ നടക്കുന്ന മിക്ക ഇടങ്ങളിലും (ഏറ്റവും ഒടുവിൽ മൂന്നാറിലെ പെമ്പിള ഒരുമയിലും) ഈ പ്രതിഭാസം നാം കാണാറുണ്ട്. ജനകീയ വിഷയങ്ങളിലും അഴിമതികളിലും ഭരണ

## കിഴക്കമ്പലം ട്വന്റി-ട്വന്റി:

# ഈ കോർപ്പറേറ്റ് ജനാധിപത്യം ആരെയാണ് പരാജയപ്പെടുത്തുന്നത്?

എറണാകുളം കിഴക്കമ്പലം പഞ്ചായത്തിലെ എല്ലാ വാർഡുകളിലും രണ്ട് ബ്ലോക്ക് ഡിവിഷനുകളിലും ജില്ലാ പഞ്ചായത്തിലെ കിഴക്കമ്പലം സീറ്റിലും മത്സരിക്കുകയാണ് കിറ്റക്സ് ഗ്രൂപ്പിന്റെ മേൽനോട്ടത്തിൽ രണ്ടര വർഷം മുൻപ് രൂപീകൃതമായ സംഘടനയായ ട്വന്റി-ട്വന്റി. കോർപ്പറേറ്റ് സോഷ്യൽ റസ്പോൺസിബിലിറ്റി പരിപാടികളിലൂടെ രാഷ്ട്രീയാധികാരം കയ്യടക്കാൻ ശ്രമിക്കുന്ന ട്വിന്റി-ട്വന്റി ജനാധിപത്യത്തെ പരാജയപ്പെടുത്തുകയാണെന്ന്

**സി.ആർ. നീലകണ്ഠൻ**

പ്രതിപക്ഷഭേദമില്ലാതെ എല്ലാ രാഷ്ട്രീയകക്ഷികളും ഒരു വശത്താകുമ്പോൾ ജനങ്ങൾ മറുവശത്താകും. അപ്പോൾ ചിലയിടത്തെങ്കിലും ജനകീയ സമരസമിതി നേരിട്ട് തെരഞ്ഞെടുപ്പിൽ മത്സരിക്കാറുണ്ട്. കാതിക്കുടം പോലെ പലയിടത്തും അവർ വിജയിക്കാറുമുണ്ട്.

നിലവിലുള്ള കക്ഷിരാഷ്ട്രീയത്തിലെ ചതിക്കുഴികൾ വലിയൊരു വിഭാഗം ജനങ്ങളും നേരിട്ടുകാണുന്നത് തദ്ദേശ ഭരണത്തിലാണ്. കഴിഞ്ഞ രണ്ടു പതിറ്റാണ്ടുകളായി നടത്തിവന്ന ജനകീയാസൂത്രണവും അധികാരവികേന്ദ്രീകരണങ്ങളും ഒരു ജനാധിപത്യവൽക്കരണവും നടത്തിയില്ല, അഴിമതി താഴെത്തട്ടിൽ വരെ വ്യാപിപ്പിക്കപ്പെട്ടു, ഗ്രാമസഭകളടക്കമുള്ള യഥാർത്ഥ ജനകീയ സാധ്യതകളെ പൂർണമായും ഇല്ലാതാക്കി. ഇതെല്ലാം മൂലം രാഷ്ട്രീയകക്ഷികളോട് എതിർപ്പുള്ളവരെ സംഘടിപ്പിക്കാൻ ഇപ്പോൾ എളുപ്പവുമാണ്. ഇത്തരം കക്ഷിരാഷ്ട്രീയത്തിനതീതമായ മുന്നേറ്റങ്ങളെ, ഒരു സമരത്തിന്റെ ഭാഗമായെങ്കിലും പിന്താങ്ങാൻ ഈ ലേഖകനടക്കം പലരും തയ്യാറായിട്ടുണ്ട്.

എന്നാൽ ഇതല്ല കിഴക്കമ്പലത്തു നടക്കുന്നത് എന്നതാണ് സത്യം. ഇത് 'ആം ആദ്മി' മാതൃകയാണ്, ജനകീയ ഇടപെടലാണ് എന്നൊക്കെ പറയുന്നുണ്ട്. പക്ഷെ അതിന്റെ പിന്നിലെ ശക്തിയെന്നത് സമ്പന്നനായ ഒരു വ്യവസായിയാണ്, അവരുടെ സ്ഥാപനമാണ്. കിറ്റക്സ്

➾ ഈ 'പരീക്ഷണ'ത്തിന്റെ പ്രധാന പരിമിതി ഇതൊരു ജനകീയ മുന്നേറ്റമല്ലെന്നതുതന്നൊണ് ➾



ട്വന്റി ട്വന്റി അംഗങ്ങൾ വിലകുറവിൽ സാധനങ്ങൾ വാങ്ങാൻ ക്യൂ നിൽക്കുന്നു

എന്നത് തുണി വ്യവസായ രംഗത്തെ ഒരു ഭീ
മൻ കമ്പനിയാണ്. വൻതോതിൽ ദേശീയ വി
ദേശീയ കമ്പോളത്തിൽ ഇവരുടെ ഉൽപ്പന്ന
ങ്ങൾ വിറ്റഴിക്കപ്പെടുന്നുണ്ട്. അന്നാ അലുമി
നിയം കമ്പനിയും ഇവരുടെ ഗ്രൂപ്പിന്റേതാണ്.
ഈ കമ്പനി ഗ്രൂപ്പിന്റെ ഉടമ സ്വന്തം കീശ
യിൽ നിന്നും പണമിറക്കി നടത്തുന്ന ഒരു 'ജ
നകീയ' പ്രസ്ഥാനമാണ് ഈ ട്വന്റി ടന്റി. ആ
കമ്പനി മുതലാളി നിശ്ചയിക്കുന്നവർ, മുത
ലാളി നിശ്ചയിക്കുന്ന രീതിയിലാണ് പഞ്ചായ
ത്ത് ഭരണം നടത്തേണ്ടത് എന്നാണ് ഈ പ്ര
സ്ഥാനക്കാരുടെ നിലപാട്. കക്ഷിരാഷ്ട്രീയാടി
സ്ഥാനത്തിലുള്ള ഭരണത്തിലും അത്യപൂർവ്വം
ചില വ്യക്തികളും ഗ്രൂപ്പുകളുമാണ് സംസ്ഥാ
നത്തുപോലും ഭരണം നടത്തുന്നതെന്ന വസ്
തുത ഉയർത്തിക്കാട്ടി ഈ പുതിയ 'പരീക്ഷ
ണ'ത്തെ അവർ ന്യായീകരിക്കുന്നു. എന്നാൽ
ഈ 'പരീക്ഷണ'ത്തിന്റെ പ്രധാന പരിമിതി ഇ
തൊരു ജനകീയ മുന്നേറ്റമല്ലെന്നതുതന്നൊണ്.
ഇത് മനസ്സിലാകണമെങ്കിൽ അൽപം ചരി
ത്രമറിയണം.

വളരെ താഴ്ന്ന നിലയിൽനിന്നും കഠിനമാ
യ പ്രവർത്തനങ്ങൾ വഴി വളർത്തിയെടുത്ത
വ്യവസായ സ്ഥാപനങ്ങളാണ് കിറ്റക്സും
അന്ന അലൂമിനിയവും. അവരുടെ വളർച്ചയു
ടെ പിന്നിൽ നിരവധി വഞ്ചനയുടെ കഥകളു
ണ്ടെന്ന് നാട്ടുകാർ തന്നെ പറയുന്നുണ്ട്. അ
തെന്തായാലും, ഇവർ നടത്തിയ പല പ്രവർ
ത്തനങ്ങളും ജനവിരുദ്ധമായിരുന്നു എന്ന
താണ് ചരിത്രം. വൻതോതിൽ ജല-വായു മ
ലിനീകരണം നടത്തുന്ന ഒരു കമ്പനിയാണ്
കിറ്റക്സ്. തുണിവ്യവസായത്തിന്റെ ഭാഗമായി
പുറത്തുവരുന്ന രാസമാലിന്യങ്ങൾ ഒന്നും
തന്നെ ഇവർ സംസ്കരിക്കുന്നില്ല. എന്നാൽ
ഇതിനെ നിസ്സാരമാക്കുന്നതാണ്, ഈ സ്ഥാപ
നത്തിനകത്ത് താമസിച്ചു പണിയെടുക്കുന്ന
4000ൽ പരം തൊഴിലാളികളുടെ (ഭൂരിപക്ഷ
വും അന്യസംസ്ഥാനതൊഴിലാളികളുടെ) വി
സർജ്യവസ്തുക്കൾ ഒന്നായി ഇവർ പുറത്തേ
ക്കൊഴുക്കുന്നത്. തൊട്ടടുത്തുള്ള കുറെ പാട
ങ്ങൾ വിലക്കുവാങ്ങി അവിടേക്കാണ് ഈ മാ
ലിന്യങ്ങൾ ഒഴുക്കുന്നത്. ഇതിന്റെ ഫലമായി
ചുറ്റുപാടുമുള്ള കിണറുകളും ജലാശയങ്ങളും
വളരെ ഉയർന്ന തോതിൽ മലിനമായി. ഇതി
നെതിരെ പ്രതികരിച്ചവരെ കമ്പനി നേരിട്ടത്
പലവിധത്തിലാണ്. രാഷ്ട്രീയ നേതാക്കളെ
യൊക്കെ നിയന്ത്രിക്കാൻ കഴിയുംവിധം 'മുക
ളിൽ' സ്വാധീനമുണ്ട് കമ്പനിയുടമക്ക്. ഇപ്പോ
ഴത്തെ മുതലാളികളുടെ പിതാവിന് സ്വീകര
ണം നൽകുന്ന ചടങ്ങിലും ടിയാന്റെ മരണത്തി
ന്റെ വാർഷിക ചടങ്ങുകളിലും പങ്കെടുത്തത്
കേരളത്തിലെ പ്രധാനപ്പെട്ട എല്ലാ രാഷ്ട്രീയ
കക്ഷികളുടെയും ഉന്നത നേതാക്കന്മാരാണ്.
മുഖ്യമന്ത്രിയും മന്ത്രിമാരും ജനകീയസമര
നായകനായ വി.എസ്. അച്ചുതാനന്ദനുമടക്കം
ഈ 'സ്നേഹകൂട്ടായ്മ'യിൽ പങ്കെടുത്തു. ജ
നങ്ങൾ നേരിടുന്ന ദുരിതത്തെപ്പറ്റി ചില പ
രാതികൾ സ്വീകരിച്ചതൊഴിച്ചാൽ മറ്റൊന്നുമു
ണ്ടായില്ല. എല്ലാ കക്ഷിനേതാക്കൾക്കും ഉദാ
രമായ സംഭാവന നൽകിക്കൊണ്ട് അവരുടെ
സഹായത്തോടെ ജനങ്ങളുടെ സമരത്തെ
നിയന്ത്രിച്ചു.

## എന്താണ് ട്വന്റി-ട്വന്റിയുടെ താത്പര്യങ്ങൾ?

രാസമാലിന്യങ്ങൾ ആരോഗ്യപ്രശ്നങ്ങളുണ്ടാക്കാൻ തുടങ്ങിയപ്പോൾ തിരുപ്പൂരിലെ കിറ്റെക്സിന്റെ ബ്ലീച്ചിങ് ഡൈ യൂണിറ്റിനെതിരെ തദ്ദേശവാസികൾ കോടതിയെ സമീപിക്കുകയും വിധി കമ്പനിക്കെതിരാവുകയും ചെയ്തു. തുടർന്നാണ് 2008ൽ കിഴക്കമ്പലത്തെ ചേലക്കുളത്ത് ബ്ലീച്ചിങ് ഡൈ യൂണിറ്റ് സ്ഥാപിക്കുന്നത്. ഇവിടെയും ഇത് പാരിസ്ഥിതിക പ്രശ്നങ്ങളുണ്ടാക്കി. ചേലക്കുളം നിവാസികളുടെ കിണറുകളിൽ പോലും രാസമാലിന്യങ്ങളുടെ സാന്നിദ്ധ്യം കണ്ടെത്തിയതോടെ ഇവർ സമരവുമായി രംഗത്തെത്തി. ആരോഗ്യപ്രശ്നങ്ങളുണ്ടാക്കുന്നു എന്ന് കണ്ടെത്തിയതിനെ തുടർന്ന് പഞ്ചായത്ത് കമ്പനിക്ക് ലൈൻസൻസ് പുതുക്കി നൽകാൻ തയ്യാറായില്ല. ഈ പ്രതിഷേധം തണുപ്പിക്കുന്നതിനായാണ് കോർപ്പറേറ്റ് സോഷ്യൽ റസ്പോൺസിബിലിറ്റി ഫണ്ട് ഉപയോഗിച്ച് ട്വന്റി-ട്വിന്റി എന്ന പേരിൽ കമ്പനി ജീവകാരുണ്യ പ്രവർത്തനങ്ങൾ ആരംഭിക്കുന്നത്. അങ്ങനെ തുടങ്ങിയ പരിപാടികളാണ് പഞ്ചായത്ത് ഭരണം പിടിച്ചെടുക്കാനുള്ള ആലോചനയിലേക്ക് വരെ എത്തിനിൽക്കുന്നത്. പുതിയ യൂണിറ്റുകൾക്ക് ലൈസൻസ് നേടുന്നതടക്കമുള്ള പ്രതിബന്ധങ്ങളെ അധികാരത്തിലെത്തി മറികടക്കാനാണ് കിറ്റക്സ് ഗ്രൂപ്പ് ശ്രമിക്കുന്നത്.

മലിനീകരണ വിരുദ്ധ സമരം നടത്തുന്ന നാട്ടുകാരെ ആദ്യം ഒറ്റപ്പെടുത്തി. തന്റെ സ്ഥാപനത്തിൽ ജോലി ചെയ്യുന്ന ആയിരങ്ങൾ പുറത്തെ കടകളിൽനിന്നും സാധനങ്ങൾ വാങ്ങാതിരിക്കാൻ സ്വന്തമായി വലിയൊരു കട ടിയാൻ തുടങ്ങി. പുറത്തുള്ള ഓട്ടോറിക്ഷകളെ ആശ്രയിക്കാതിരിക്കാൻ അദ്ദേഹം തന്നെ സ്വന്തമായി ഓട്ടോറിക്ഷകൾ രംഗത്തിറക്കി. കമ്പനി വന്നതുകൊണ്ട് പ്രദേശവാസികൾക്കു ദോഷം മാത്രം. പ്രതികരിക്കുന്നവരെ രാഷ്ട്രീയ നേതൃത്വങ്ങൾ ഇടപെട്ട് തടയുന്നത് തുടർന്നു. പ്രദേശത്ത് കൂടുതൽ സ്വാധീനമുള്ള ഇടതുപക്ഷക്കാരെ പൂർണമായും സമരത്തിനെതിരും കമ്പനിക്കനുകൂലവുമാക്കി. കോൺഗ്രസ്സുകാരിൽ അത്ര അച്ചടക്കമില്ലാതിരുന്നതിനാൽ ചില ഗ്രൂപ്പുകൾ കമ്പനിക്കെതിരായി നിലകൊണ്ടു.

ഇങ്ങനെയാണ് 'പുത്തൻ ജനാധിപത്യ'ത്തിന്റെ വഴിയിലേക്ക് കമ്പനി ഉടമകളിറങ്ങുന്നത്. പണമെറിഞ്ഞാൽ ഏതു സമൂഹത്തേയും വിലക്കുവാങ്ങാമെന്ന് അദ്ദേഹം തിരിച്ചറിഞ്ഞു. വൻനേതാക്കളെപ്പോലും വിലക്കൊടുത്ത അനുഭവപാഠങ്ങൾ ഇതിനു സഹായകമായി. കമ്പനിയുമായി 'സഹകരിക്കുന്ന'തിൽ എന്തു കുഴപ്പം എന്നു ചിലർക്കു തോന്നി. കമ്പനി സ്വന്തമായി വലിയൊരു സൂപ്പർമാർക്കറ്റ് തുടങ്ങി. വളരെ കുറഞ്ഞ വിലക്ക് നാട്ടുകാർക്ക് ഉൽപ്പന്നങ്ങൾ ലഭ്യമാക്കുന്ന ഒരു സ്ഥാപനം. പക്ഷെ അവിടെ നിന്നും ഉല്പന്നം ലഭിക്കണമെങ്കിൽ നിങ്ങൾ പുതിയ സംഘടനയായ ട്വന്റി ട്വന്റിയിൽ അംഗമാകണം. - (2020 - ൽ കിഴക്കമ്പലം സ്വർഗ്ഗമാക്കുന്ന പദ്ധതികളെയാണ് ഈ പുതിയ സംഘടന ലക്ഷ്യമാക്കുന്നത് എന്നതിനാലാണ് അവരുടെ പേര് 20-20 എന്നാക്കിയത്.) ഈ സംഘടനയിലെ അംഗങ്ങൾക്ക് വിലക്കുറവിൽ എല്ലാം കിട്ടും. പലവിധ സാമൂഹ്യ സുരക്ഷാ പദ്ധതികൾ അംഗങ്ങൾക്കുണ്ട്. ഈ അംഗങ്ങളെ വലിയൊരു കൂട്ടായ്മയാക്കി വളർത്തിയെടുക്കാൻ കമ്പനിക്കായി. ഇതാണിപ്പോൾ ഇടിത്തീയായി രാഷ്ട്രീയ കക്ഷികൾക്കുമീതെ വീഴാനൊരുങ്ങി നിൽക്കുന്നത്.

ഇതിനുള്ള യഥാർത്ഥ കാരണക്കാർ രാഷ്ട്രീയ നേതൃത്വങ്ങൾ തന്നെയാണ്. ഇപ്പോഴും ഈ കമ്പനി ഉടമകളുടെ ആഥിത്യം സ്വീകരിക്കാൻ വൻ നേതാക്കൾക്കൊരുമടിയുമില്ല. അവർ പറയുന്നവർക്ക് കമ്പനി തൊഴിൽ നൽകും. ജനങ്ങൾ യഥാർത്ഥ പ്രശ്നങ്ങളുന്നയിച്ച് നടത്തുന്ന സമരങ്ങളിൽ ജനവിരുദ്ധപക്ഷത്തുനിന്ന് ന്യായം പറഞ്ഞിരുന്നവർക്ക് ഇപ്പോൾ ഒരു ന്യായവും പറയാനില്ല. എന്തായാലും പഞ്ചായത്തുതലത്തിൽ പ്രമുഖ കക്ഷികളുടെ മുൻകാല നേതാക്കൾ തന്നെയാണ് 'ട്വന്റി ട്വന്റി'യുടെ സ്ഥാനാർത്ഥികൾ. മത്സരം കടുത്തതായിരിക്കും.

തങ്ങൾക്കു കിട്ടുമായിരുന്ന ചില അധികാരങ്ങൾ നഷ്ടപ്പെടുമെന്ന ഭീതിയിൽ പ്രാദേശിക നേതാക്കൾ ഉഴലുമ്പോഴും ജില്ലാ സംസ്ഥാന നേതൃത്വങ്ങൾക്ക് ഒട്ടും ആശങ്കയില്ല. കാരണം അഴിമതിയും ജനാധിപത്യവും അവരുടെ രാഷ്ട്രീയമാണ്. പെയ്മെന്റ് സീറ്റും മാനേജ്മെന്റ്-കമ്മ്യൂണിറ്റി ക്വാട്ടകളും കോളേജ് സീറ്റുകളിൽ മാത്രമല്ലാ ഉള്ളതെന്ന് കുറെക്കാലമായി നാം കാണുന്നതാണ്. വേണ്ടി വന്നാൽ ട്വന്റി ട്വന്റി മുതലാളിക്ക് അടുത്ത നിയമസഭാ തെരഞ്ഞെടുപ്പിൽ ഒരു സീറ്റു നൽകി മുന്നണികൾ പ്രശ്നം പരിഹരിച്ചേക്കാം. ഇതാണ് കോർപ്പറേറ്റ് ജനാധിപത്യം. ■